ഭരണഭാഷ – മാതൃഭാഷ

തദ്ദേശ സ്വയംഭരണ വകുപ്പ്ചീഫ് എഞ്ചിനീയറുടെ കാര്യാലയം
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്)
അഞ്ചാം നില, സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–3

Phone : 0471-2324030
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

തീയതി. 28/06/2022

നം. ഇ 8-4436/2022/സിഇ/തസ്വഭവ

# സർക്കുലർ

വിഷയം : തസ്വഭവ – (LID & EW) – ജീവനക്കാര്യം – ഓൺലൈൻ ട്രാൻസ്ഫർ – സംബന്ധിച്ച്

സൂചന : 25.04.2022, 26.04.2022 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലർ

ഈ വകുപ്പിലെ പൊതുസ്ഥലംമാറ്റം ഓൺലൈൻ മുഖേന നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. അതിൻപ്രകാരം നടപടികൾ ആരംഭിച്ചിരുന്നു. എന്നാൽ വകുപ്പിലെ കാര്യാലയങ്ങളേയും ജീവനക്കാരേയും സംബന്ധിച്ച വിവരങ്ങൾ സ്പാർക്കിൽ യഥാവിധി രേഖപ്പെടുത്താത്തത് മൂലം ടി ഓൺലൈൻ സ്ഥലംമാറ്റ നടപടികൾ നിർത്തിവച്ചിരിക്കുകയായിരുന്നു. സ്പാർക്കിൽ നിന്നും ലഭ്യമായ നിർദ്ദേശ പ്രകാരം എല്ലാ സബ് ഓഫീസുകളെയും സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ ബന്ധപ്പെട്ട നിയന്ത്രണാധികാരികളായ ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടിരുന്നു. അതിൻ പ്രകാരം ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സബ് ഓഫീസുകൾ സ്പാർക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സബ് ഓഫീസുകളിലേയ്ക്ക് അനുവദിക്കപ്പെട്ട തസ്തികകൾ മാറ്റേണ്ടതും അതോടൊപ്പം ഉദ്യോഗസ്ഥരെയും മാറ്റേണ്ടതാണ്. ഓരോ കാര്യാലയത്തിനും ഓരോ കേഡറിന്റെയും sanctioned strength ശരിയായ വിധത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ഈ വകുപ്പിൽ അനുവദിക്കപ്പെട്ട കേഡറിന്റെ വിവരം ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പട്ടികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിൻ പ്രകാരം മാത്രമേ sanctioned strength രേഖപ്പെടുത്താവൂ. രേഖപ്പെടുത്ത

തെറ്റായ രീതിയിൽ sanctioned strength രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് അടിയന്തിരമായി തിരുത്തേണ്ടതാണ്. പ്രാബല്യ തീയതിയിൽ (as on date) മാറ്റം വരുത്തി sanctioned strength-ൽ തിരുത്തൽ വരുത്താവുന്നതാണ്. സേവനമനുഷ്ഠിച്ചിരുന്ന ഉദ്യോഗസ്ഥരുടെ designation പ്രകാരമല്ല, കേഡർ പ്രകാരമാണ് sanctioned strength രേഖപ്പെടുത്തേണ്ടത്. ടി വിഷയത്തിൽ എന്തെങ്കിലും സംശയമോ ബുദ്ധിമുട്ടോ അനുഭവപ്പെടുകയാണെങ്കിൽ ചുവടെ ചേർത്തിരിക്കുന്ന മൊബൈൽ നമ്പരിൽ ബന്ധപ്പെടുകയോ വാട്ട്സാപ്പ് മുഖേന അറിയിക്കുകയോ ചെയ്യേണ്ടതാണ്.

സ്പാർക്കിൽ സബ് ഓഫീസിലേയ്ക്ക് തസ്തികകളും ജീവനക്കാരെയും മാറ്റുന്നതും sanctioned strength-ഉം **02.07.2022 വൈകിട്ട് 5 മണിയ്ക്ക്** മുൻപായി രേഖപ്പെടുത്തി ആ വിവരം celsgd@gmail.com എന്ന ഇ-മെയിലിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. സ്പാർക്ക് രേഖപ്പെടുത്തലുകളിൽ ഉണ്ടാകുന്ന വീഴ്ചയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടിവരുമെന്നും അറിയിക്കുന്നു.

**നോഡൽ ഓഫീസർ**

മൊബൈൽ നം. 9633656128

OFFICE OF THE CHIEF ENGINEER
THIRUVANANTHAPURAM
LSGD (LID & EW)

P 703

# Sanctioned Cadre Posts in LSGD EW & LID

| Sl.No. | Name of post | |
|---|---|---|
| 1 | Administrative Assistant | |
| 2 | Administrative Officer | |
| 3 | Assistant Engineer | |
| 4 | Assistant Executive Engineer | |
| 5 | Chief Engineer | |
| 6 | Clerk | |
| 7 | Driver | |
| 8 | Executive Engineer | |
| 9 | Fair copy Superintendent | |
| 10 | Head Clerk | |
| 11 | Junior Superintendent | |
| 12 | Office Attendant | |
| 13 | Overseer Gr.I | |
| 14 | Overseer Gr.II | |
| 15 | Overseer GrIII | |
| 16 | Senior Superintendent | |
| 17 | Superintending Engineer | |
| 18 | Divisional Accountant | |
| 19 | Finance Officer | |
| 20 | Administrative Officer | |
| 21 | Typist | |

OFFICE OF THE CHIEF ENGINEER
THIRUVANANTHAPURAM
LSGD (LIS & EW)

Nodel officer